# സുധാ മൂർത്തി

# സർപ്പത്തിന്റെ പ്രതികാരം



## മഹാഭാരതത്തിൽനിന്നുള്ള അസാധാരണ കഥകൾ

സർപ്പത്തിന്റെ പ്രതികാരം സുധാമൂർത്തി

അർജുനന് എത്ര പേരുകളുണ്ട്?
യമദേവന് ശാപം കിട്ടാൻ കാരണമെന്തായിരുന്നു?
ഒരു കൊച്ചു കീരി യുധിഷ്ഠിരനെ
പഠിപ്പിച്ച പാഠമെന്തായിരുന്നു?
ദൈവങ്ങളെപ്പോലും പക്ഷം പിടിയ്ക്കാൻ പ്രേരിപ്പിച്ച
കുരുക്ഷേത്രയുദ്ധം ഒരുപക്ഷേ എല്ലാവർക്കും സുപരിചിതമാ
യിരിയ്ക്കാം. പക്ഷേ മഹാഭാരതത്തിന് വിവിധങ്ങളായ
നിറച്ചാർത്തുകൾ നൽകിയ, യുദ്ധത്തിന് മുൻപും പിൻപും
യുദ്ധകാലത്തും ഉണ്ടായ എണ്ണമറ്റ കഥകളുണ്ട്.
ആദരണീയ എഴുത്തുകാരിയായ സുധാമൂർത്തി
ഇന്ത്യയുടെ മഹത്തായ ഈ ഇതിഹാസകാവ്യത്തെ
പുനരാഖ്യാനം ചെയ്യുന്നു; പരക്കെ അറിയപ്പെടാത്തതും
അസാധാരണവുമായ ഈ കഥകളിലൂടെ. ഓരോ കഥകളും
നിങ്ങളിൽ അത്ഭുതവും വിസ്മയാഹ്ലാദങ്ങളും
നിറയ്ക്കും എന്നതുറപ്പ്.

CURRENT BOOKS THRISSUR
ESTD:1952
ISBN 978-93-95338-38-7
₹ 250.00
9 789395 338387
00250
കറന്റ് ബുക്സ് തൃശൂർ
www.currentbooksonline.in
Children's Literature

41

2541
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No....2541..........

Call No..........................

This book should be returned on or before the date last given below.

Original English Title
**The Serpent's Revenge**
Malayalam
**Sarppathinte Prathikaaram**
Children's Literature by
**Sudha Murty**
Translated by
**M.K. Gouri**
First Impression: July 2023
Cover Illustration: Priyankar Gupta
Cover Design: Neelima P. Aryan
Typeset: Current Books Thrissur
© Reserved
Printed at
Don Bosco IGACT, Kochi
Publishers
**Current Books Thrissur**-680 001 Keralam
e-mail: currentbooksthrissur@gmail.com
**www.currentbooksonline.in**
Distribution
**CosmoBooks**
Thrissur, Kochi, Kozhikode, Kottayam
e-mail: cosmobooks@asianetindia.com
**ISBN 978-93-95338-38-7**

All rights reserved. This work may not be translated or copied in whole or in part without the written permission of the publisher, except for brief excerpts in connection with reviews or scholarly analysis.

2727-CBT-2023-43-1000

# സർപ്പത്തിന്റെ പ്രതികാരം

**സുധാമൂർത്തി**

വിവ: എം.കെ. ഗൗരി

കറന്റ് ബുക്സ് തൃശൂർ

## സുധാമൂർത്തി

വടക്കൻ കർണാടകത്തിലെ ഷിഗോണിൽ 1950-ലാണ് സുധാമൂർത്തി ജനിച്ചത്. കംപ്യൂട്ടർ സയൻസ് എം.ടെക് നേടിയ അവരിന്ന് ഇൻഫോസിസ് ഫൗണ്ടേഷന്റെ അദ്ധ്യക്ഷയാണ്. ഇംഗ്ലീഷിലും കന്നഡയിലും വളരെ പ്രശസ്തയായ എഴുത്തുകാരിയാണ്. നോവലുകൾ സാങ്കേതികവിജ്ഞാന പുസ്തകങ്ങൾ, യാത്രാവിവരണങ്ങൾ, ചെറുകഥകൾ, ലേഖനങ്ങൾ എന്നീ മേഖലകളിലും ബാലസാഹിത്യത്തിലും നിരവധി ഗ്രന്ഥങ്ങൾ അവരുടേതായുണ്ട്. മിക്കവാറും എല്ലാ ഭാരതീയ ഭാഷകളിലും ഈ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 2006-ൽ പത്മശ്രീ അവാർഡും സാഹിത്യത്തിനുള്ള ആർ.കെ. നാരായൺ അവാർഡും അവരെ തേടിയെത്തി. 2011-ൽ കന്നഡ ഭാഷയിലെ മികവിനുള്ള അത്തിമബ്ബെ അവാർഡിനും അർഹയായി.

## എം.കെ. ഗൗരി

1962-ൽ കോഴിക്കോട്ട് ജനിച്ചു. മലബാർ കൃസ്ത്യൻ കോളേജിൽ നിന്നും രസതന്ത്രത്തിൽ ബിരുദം. ഇരുപത്തൊമ്പതുകൊല്ലത്തെ സേവനത്തിനുശേഷം ബി.എസ്.എൻ.എല്ലിൽനിന്നും സ്വമേധയാ പിരിഞ്ഞു. അസ്നെ സിയർസ്റ്റഡ്, മാഡം യൂജിനി ഫോ, ആന്ദ്രേ മൽറോ, അബ്ദുൾ കലാം, ജൂൾസ് വേൺ, ഡെയ്ൽ കാർനേഗി തുടങ്ങിയവരുടെ പതിനഞ്ചിലേറെ കൃതികൾ ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്കും രണ്ട് മലയാള പുസ്തകങ്ങൾ ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്.

e-mail: greeshmam62@gmail.com

കൃഷ്ണാ ഖുരാനയ്ക്ക് പ്രത്യേകമായും.

# ഉള്ളടക്കം


സ്ത്രീയായിമാറിയ പുരുഷൻ .....15

ഓർമ്മയുടെ മണിയൊച്ച .....19

വേദങ്ങളെ പകുത്തവൻ .....32

ശാപഗ്രസ്തനായ ദേവൻ .....36

അർജ്ജുനന്റെ വിവിധ നാമങ്ങൾ .....40

ആചാര്യന്റെ പക .....44

അഗ്നിഭഗവാന് മൃഷ്ടാന്നഭോജനം .....51

അത്ഭുതകരമായ പാത്രം .....58

ഇന്ദ്രദ്യുമ്നന്റെ പൈതൃകം .....64

യക്ഷന്റെ ചോദ്യം ചെയ്യൽ .....68

കൂട്ടക്കുരുതിക്കുള്ള ആയുധം .....75

ഒരു പൂവിനുവേണ്ടി .....80

നിപുണനായ ഘടോൽക്കചൻ .....84

ദൈവത്തിന്റെ മുഖം .....90

അസാധാരണ യോദ്ധാവ് .....97

നയതന്ത്രജ്ഞനായ കൃഷ്ണൻ .....105

ഞാൻ ആരുടെ ഭാഗത്താണ് നിൽക്കേണ്ടത്? .....111

അഞ്ച് സുവർണ്ണ അമ്പുകൾ .....115

മായയാൽ നിർമ്മിച്ച സൂര്യാസ്തമനം .....120

ദ്രോണരുടെ ദൗർബ്ബല്യം .....125

സൂര്യപുത്രൻ .....128

അവസാനത്തെ ആൾ .....134

ബാർബാറികൻ .....141

ഉഡുപ്പിയിലെ രാജാവ് .....149

വിശ്വസ്തതയുടെ മൂല്യം .....152

സ്വർണ്ണക്കീരി .....155

നഷ്ടപ്പെട്ട പുത്രൻ .....159

ഭാഗ്യവാനായ ആൺകുട്ടി .....167

ചണ്ഡിയും ഉദ്ദാലകനും .....175

അവസാന യാത്ര .....179

സർപ്പത്തിന്റെ പ്രതികാരം .....183

പ്രതികാരചക്രം .....189


## ധർമ്മക്ഷേത്രേ കുരുക്ഷേത്രേ...

ഇന്ന് പുണ്യഭൂമിയായി കരുതപ്പെടുന്ന കുരുക്ഷേത്രത്തിൽവെച്ചാണ് പാണ്ഡവരും കൗരവരും തമ്മിലുള്ള ഗംഭീരമായ മഹാഭാരതയുദ്ധം അരങ്ങേറിയത്. ഒരു ധർമ്മയുദ്ധമായിരുന്നു അത്.

യുദ്ധത്തിന്റെ ആദ്യദിവസം തനിക്കഭിമുഖമായി നിൽക്കുന്ന എതിരാളികളെ അർജ്ജുനൻ കണ്ടു. ആരൊക്കെയാണവിടെ? ഭീഷ്മപിതാമഹൻ, ഗുരു ദ്രോണൻ, അദ്ദേഹത്തിന്റെ പുത്രൻ അശ്വത്ഥാമാവ്, അമ്മാമൻ ശാല്യൻ നിരവധി അർദ്ധസഹോദരർ...

അർജ്ജുനനെ ഖേദം കീഴടക്കുകയായിരുന്നു അന്നേരം. ഈ യുദ്ധം ചെയ്തിട്ട് ഒരു നേട്ടവും കൈവരിക്കേണ്ടതില്ല എന്നദ്ദേഹം തീരുമാനിച്ചു. ആയുധങ്ങൾ നിലത്തിട്ട് തന്റെ തീരുമാനം തേരാളിയായിരുന്ന ശ്രീകൃഷ്ണഭഗവാനോട് പറയുകയും ചെയ്തു.

അർജ്ജുനന്റെ മനസ്സ് കൃഷ്ണൻ മുഴുവനായും മനസ്സിലാക്കി. വിശ്വരൂപം കൈക്കൊണ്ട് അത് അർജ്ജുനന് കാട്ടിക്കൊടുത്ത് തന്റെ യഥാർത്ഥ സ്വത്വം ശ്രീകൃഷ്ണൻ വെളിപ്പെടുത്തി. ഭൂതഭവ്യഭവത് പ്രഭുവായ വിഷ്ണുഭഗവാനല്ലാതെ മറ്റാരുമല്ല താനെന്ന സത്യം. അർജ്ജുനനോടുള്ള കൃഷ്ണന്റെ ഉപദേശം ഇതായിരുന്നു.

സ്രഷ്ടാവും സംരക്ഷകനും സംഹരിക്കുന്നവനും ഞാൻ തന്നെ.<br>
ഏറ്റവും സ്ഥൂലവും അതിസൂക്ഷ്മവും ഞാൻ തന്നെ.<br>
എന്റെ ഇച്ഛാനുസരണം മുഴുവൻ ലോകവും ചലിക്കുന്നു.<br>
ഈ പ്രപഞ്ചനാടകത്തിലെ വെറുമൊരു അഭിനേതാവുമാത്രമാണ് നീ!<br>
നിന്റെ കൈയിലെ നൈപുണ്യങ്ങളുപയോഗിച്ച്, ഈ ഭാഗം നന്നായി അഭിനയിക്കുക.<br>
അതുമാത്രമാണ് നിന്റെ കടമ. ശേഷിച്ചതെല്ലാം എനിക്കു വിട്ടേക്കൂ.